# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2410:** **18/12/2012- ൽ മറുപടിക്ക്**

## പാരിസ്ഥിതികാധിഷ്ഠിത-പൊതുമേഖലാ വ്യവസായ നയം

**ചോദ്യം** **ഉത്തരം**

**ശ്രീ. എം. പി. വിൻസെന്റ് :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ വ്യവസായ വികസനത്തിന് പാരിസ്ഥിതികാധിഷ്ഠിത-പൊതുമേഖലാധിഷ്ഠിത വ്യവസായ നയം രൂപീകരിക്കുമോ ; | (എ) | കേരളത്തിന്റെ പാരിസ്ഥിതിക പ്രത്യേകതകൾക്കും ഭൂമി ലഭ്യതക്കും യോജിച്ച രീതിയിലുള്ള സ്വദേശീയവും വിദേശീയവുമായ നിക്ഷേപ പദ്ധതികൾക്കാണ് കൂടുതൽ പ്രോത്സാഹനം നൽകുന്നത്. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും മാനവവിഭവശേഷി വികസനവും അതിലൂടെ സംസ്ഥാനത്തിന് സാമ്പത്തിക ഉന്നമനം ഉണ്ടാക്കുകയും ചെയ്യുക എന്നത് സർക്കാരിന്റെ വ്യവസായ നയത്തിന്റെ ഭാഗമാണ്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വ്യവസായ, അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ പ്രത്യേക ഊന്നൽ നൽകുന്നു. |
| (ബി) | ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് കുറച്ച് ഭൂമി മാത്രം ഉപയോഗിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കുമോ ; | (ബി) | സംസ്ഥാനത്തെ ഭൂമി ദൗർലഭ്യം കണക്കിലെടുത്ത്, ബഹു നില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ചെറുകിട വ്യവസായങ്ങളുടെ ഒരു സംയോജിത പദ്ധതിയിലൂടെ പരസ്പരാശ്രിത ഉൽപാദനത്തിന് പ്രാമുഖ്യം നൽകുമോ? | (സി) | കേന്ദ്ര സർക്കാർ സഹായത്തോടെ ചെറുകിട വ്യവസായ സമൂഹങ്ങൾ (ക്ലസ്റ്റർ) രൂപീകരിച്ച് ആവശ്യമായ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ**